പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2780 | 17.10.2016 ൽ മറുപടി<br>നല്കേണ്ടത്. |

**ഇതര സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാട്ടത്തൈര്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | തമിഴ് നാട്ടിൽ നിന്ന് സംസ്ഥാനത്തേക്ക പാട്ടത്തൈര് കൊണ്ടുവരുന്നത് ഗുണനിലവാരമില്ലാത്ത ഡ്രമ്മുകളിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>തമിഴ് നാട്ടിൽ നിന്ന് സംസ്ഥാനത്തേക്ക പാട്ടത്തൈര് നിലവിൽ കൊണ്ടുവരുന്നത് ഫുഡ് ഗ്രേഡ് നിലവാരത്തിലുള്ള ഡ്രമ്മുകളിലാണ്. |
| ബി) | വിലകുറഞ്ഞ പാട്ടത്തൈര് കൊണ്ടുവരുന്നത് ഭക്ഷ്യ വസ്തുക്കൾ കൊണ്ടുവരാനുള്ള നിലവാരമുള്ള ഡ്രമ്മുകളിലല്ല എന്നത് പരസ്യമായ സാഹചര്യത്തിൽ ഇക്കാര്യത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന മുൻകരുതൽ നടപടി വ്യക്തമാക്കാമോ; | ബി) | ഇക്കാര്യത്തിൽ പരാതി ലഭിക്കുന്നപക്ഷം പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് കർശന പരിശോധന നടത്തി ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. |
| സി) | തമിഴ് നാട് കൂടാതെ മറ്റേതെല്ലാം സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് പാട്ടത്തൈര് കൊണ്ടുവരുന്നുണ്ടെന്നും, പാട്ടത്തൈര് ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഏതെല്ലാം ജില്ലകളിൽ എത്തുന്നുണ്ടെന്നും ഈ ജില്ലകളിൽ പരിശോധന നടത്തുന്നതിന് വകുപ്പുതലത്തിൽ ഒരുക്കിയ ക്രമീകരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ? | സി) | സ്ക്വാഡ് പരിശോധനകളിൽ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും പ്രത്യേക നിർദ്ദേശം എല്ലാ ജില്ലകളിലെയും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ